പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 37 — 29-06-2016 ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.ടി തോമസ്<br>ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായത്തിന് മുൻ സർക്കാർ എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയതെന്നു വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആവശ്യമായ ധനസഹായം നൽകുന്നതിനായി "പ്രവർത്തന സാധ്യതയുള്ള സ്ഥാപനങ്ങളുടെ പുനരുജ്ജീവനവും പുനരുദ്ധാരണവും" എന്ന പേരിലുള്ള സ്കീമിൽ [ഹെഡ് ഓഫ് അക്കൗണ്ട് 4885-60-800-96(P)] എല്ലാ വർഷവും പ്രത്യേക ധനസഹായം ബഡ്ജറ്റിൽ പദ്ധതിവിഹിതമായി നൽകിവരുന്നുണ്ട്. കൂടാതെ പരമ്പരാഗത മേഖലയിലുള്ള സ്ഥാപനങ്ങൾക്കും, ടെക്സ്റ്റൈൽ മേഖലയിലുള്ള ചില മില്ലുകൾക്കും പദ്ധതിവിഹിതമായി വേറെയും ധനസഹായം നൽകാറുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ കഴിഞ്ഞതെന്ന് വിശദമാക്കുമോ; | (ബി) യും (സി) യും | പൊതുമേഖലാസ്ഥാപനങ്ങൾക്ക് ധനസഹായം നൽകുക മുഖേന കാലപ്പഴക്കംചെന്ന മെഷിനറികളുടെ നവീകരണവും, ഉൽപ്പാദന സംവിധാനങ്ങളിൽ നൂതനമായ സാങ്കേതിക വിദ്യകളും നടപ്പിലാക്കുക, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളവയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം പൊതുമേഖലയെ ബാധിക്കുന്നുണ്ട്. സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം പ്രവർത്തനം നിലനിർത്തിക്കൊണ്ടു പോകുന്നതിനുള്ള പ്രവർത്തന മൂലധനമായും ഉപയോഗിച്ചുവരുന്നു. ചില സ്ഥാപനങ്ങളുടെ കാലാകാലങ്ങളായുള്ള മോശമായ പ്രവർത്തനത്തിന്റെ ഫലമായി നവീകരണ പ്രവർത്തനങ്ങൾക്കായുള്ള |
| (സി) | പദ്ധതി നടത്തിപ്പുമൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളതെന്ന് വിശദാംശങ്ങൾ വ്യക്തമാക്കാമോ; | | |

അധികധനം ബാങ്കുകളിൽ നിന്നും മറ്റും കണ്ടെത്തുന്നതിലുള്ള പരിമിതികളും പുനരുദ്ധാരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാറുണ്ട്. മാത്രമല്ല ധനകാര്യ വകുപ്പിൻെറ നിയന്ത്രണങ്ങൾ ഉണ്ടാകുന്ന സമയങ്ങളിൽ സർക്കാരിൽ നിന്നുള്ള ധനസഹായം ലഭിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം പദ്ധതികളുടെ സമയ ബന്ധിതമായ നടത്തിപ്പിനെ ബാധിക്കാറുണ്ടെന്നുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പ്രധാനമായും സർക്കാർ സഹായത്തോടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്ന സ്ഥാപനങ്ങളാണ് മലബാർ സിമൻറ്സ് ലിമിറ്റഡിൻെറ സിമൻറ് ബൾക്ക് ഹാൻറ്ലിങ്ങ് ടെർമിനൽ, ട്രാവൻകൂർ കൊച്ചിൻ കെമിക്കത്സ് ലിമിറ്റഡ്, സെയിൽ-എസ്.സി.എൽ കേരളാ ലിമിറ്റഡിൽ (സ്റ്റീൽ കോംപ്ലക്സിൽ) സ്റ്റീൽ റോളിംഗ് മിൽ, കേരളാ ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സ് ലിമിറ്റഡ്, ട്രാകോ കേബിൾ കമ്പനി എന്നിവ. ടെക്സ്റ്റൈൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും പരമ്പരാഗത മേഖലയിലുള്ള സ്ഥാപനങ്ങൾക്കും സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ മലബാർ സിമൻ്റസ് ഒഴികെ എല്ലാം നഷ്ടത്തിലാണ്.

| | |
|---|---|
| (ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) സർക്കാരിൽ നിന്നുള്ള ധനസഹായത്തിനായി സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ പൊതുമേഖലാ വ്യവസായ പുന:സംഘടനാ ബോർഡ് (റിയാബ്) മുഖേന പരിശോധിച്ച് തയ്യാറാക്കുന്ന വിശകലന റിപ്പോർട്ട് റിയാബ് നേരിട്ട് വ്യവസായ വകുപ്പിന് നൽകുന്നു. ഇങ്ങനെ സമർപ്പിക്കുന്ന പ്രൊപ്പോസലുകളിൽ 5 കോടി രൂപവരെയുള്ളവ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായുള്ള വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റിയും, 5 കോടിരൂപയ്ക്ക് മുകളിലുള്ള പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായുള്ള |

സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റിയും പരിശോധിച്ച് ആവശ്യമായ ഭരണാനുമതി നൽകിവരുന്നു. ഭരണാനുമതി ലഭിച്ച പ്രൊപ്പോസലുകൾക്ക് ധനകാര്യവകുപ്പ് മുഖേന ധനം ലഭ്യമാക്കുന്നു .

സെക്ഷൻ ഒഫീസർ